പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1010

12-07-2016 ൽ മറുപടിക്ക്

## ജൈവ വൈപ്പിൻ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എസ്. ശർമ്മ | | ശ്രീ.വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായി മീരൻപുഴ ആഴം വർദ്ധിപ്പിക്കുന്നതിനും അതുവഴി നീരൊഴുക്കും മത്സ്യസമ്പത്തും വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിരുന്നുവോയെന്ന് വ്യക്തമാക്കുമോ; | (എ) | ഈ പദ്ധതിയുടെ ഭാഗമായി വീരം പുഴയുടെയും , മറ്റ് അനുബന്ധ തോടുകളുടെയും ആഴം വർദ്ധിപ്പിക്കലുമായി ബന്ധപ്പെട്ട് നബാർഡ് ആർഐ.ഡി.എഫ് XX ൽ ഉൾപ്പെടുത്തി 3691.78 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ജൈവ വൈപ്പിൻ പദ്ധതിയുടെ ഭാഗമായി 4 കി.മീ നീളത്തിൽ വീരംപുഴ, വരാപ്പുഴ കായൽ, ചാത്തനാട് കായൽ തുടങ്ങിയവ ആഴം കൂട്ടുന്നതിനായിട്ടാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ടി പ്രവർത്തി 10 റീച്ചുകളായി തിരിക്കുകയും അതിൽ 7 വർക്കുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ബാക്കിയുള്ള 3 പ്രവർത്തികൾക്ക് കർഷകരുടെയും എം.എൽ.എ യുടെയും നിർദ്ദേശം അനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച 7 വർക്കിൽ 3 വർക്കുകളുടെ ഇനിഷ്യൽ ലെവൽ എടുക്കുകയും, ഒരു വർക്ക് ആരംഭിക്കുകയും ചെയ്തു. |
| ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് നിയോഗിച്ചിരിക്കുന്ന ഏജൻസി ഏതെന്നും, എത്ര തുകയാണ് ഇതിനായി അനുവദിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | ടി പ്രവൃത്തി നടപ്പിലാക്കുന്നതിന് നിയോഗിച്ചിരിക്കുന്ന ഏജൻസി കേരള ലാന്റ് ഡെവലപ്മെന്റ് കോർപറേഷൻ ആണ്. ടി പ്രവൃത്തിയ്ക്കായി 3691.78 ലക്ഷം രൂപയുടെ ഭരണാനുമതി യാണ് നല്കിയിട്ടുള്ളത്. |

| | | |
|---|---|---|
| സി) ആഴം വർദ്ധിപ്പിക്കൽ പ്രവൃത്തി നടപ്പാക്കുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കാമോ; എങ്കിൽ തടസ്സം നീക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം കോൺട്രാക്ടറുമായി എഗ്രിമെന്റ് വെച്ച് ആരംഭിച്ച പ്രവർത്തികൾ ചില പ്രാദേശിക വ്യക്തികളുടെ പരാതിയെ തുടർന്ന് ടി വർക്ക് നിർത്തിവയ്ക്കാൻ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് പഞ്ചായത്തിനോട് നിർദ്ദേശിച്ചതിനെ തുടർന്ന് വർക്കുകൾ നിർത്തി വച്ചിരിക്കുകയാണ്. അതിന്റെ തുടർനടപടിയുടെ ഭാഗമായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടർക്കും നിർമ്മാണം പുനരാരംഭിക്കുവാനുള്ള അനുമതി ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ